I/377466/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2304/2023-G3 തീയതി: 11-06-2023

**വിജ്ഞാപനം**

വിഷയം:- വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് – എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് ജൂലൈ 2023 - ഒരു വർഷ ഫയർ & സേഫ്റ്റി ഡിപ്ലോമ കോഴ്സ് സെമെസ്റ്റർ സിസ്റ്റം (റഗുലർ, സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് – അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

2023 ജൂലൈ മാസം നടത്തുന്ന എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് (എഫ്.എ.സി.ടി നടത്തുന്ന ഫയർ ആന്റ് സേഫ്റ്റി കോഴ്സ് റഗുലർ, സപ്ലിമെന്ററി (സെമസ്റ്റർ ഒന്ന്, രണ്ട്)) പരീക്ഷയിൽ പങ്കെടുക്കുന്നതിനുവേണ്ടി ട്രെയിനികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

സെമസ്റ്റർ സ്കീമിൽ ട്രേഡ് ടെസ്റ്റ് എഴുതി പാസാകുന്നതിന് തുടർച്ചയായ 5 (അഞ്ച്) വർഷത്തിനുള്ളിൽ ആകെ 5 (അഞ്ച്) അവസരങ്ങളാണ് അനുവദിക്കുന്നത്. ആയത് പ്രകാരം ആദ്യ അവസരത്തിനുപുറമേ നാല് അധിക അവസരങ്ങൾ ആണ് പരീക്ഷ എഴുതാൻ അനുവദിക്കുന്നത്. ഇപ്രകാരം ഓരോ സെമസ്റ്ററിനും അഞ്ച് അവസരങ്ങൾ വിനിയോഗിച്ചവർക്ക് തുടർന്ന് പരീക്ഷ എഴുതാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.

സപ്ലിമെന്ററി ആണെങ്കിൽ ഓരോ സെമസ്റ്ററിനും പ്രത്യേകം അപേക്ഷയും അതാതു സെമസ്റ്ററിനു നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫീസും ആവശ്യമാണ്. റഗുലർ ആണെങ്കിൽ ഒന്ന്, രണ്ട് സെമെസ്റ്ററുകൾക്ക് ഒരപേക്ഷയും അതിൽ ഒന്ന്, രണ്ട് സെമെസ്റ്ററുകൾ എന്ന് കാണിക്കേണ്ടതുമാണ്.

റഗുലർ ട്രെയിനികൾക്ക് 110/- രൂപയും സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് എഴുതുന്ന ട്രെയിനികൾക്ക് 170/- രൂപയുമാണ് അപേക്ഷ ഫീസ്. ഹാൾടിക്കറ്റ് ഇ.എം.എസ് പോർട്ടലിലൂടെ ജനറേറ്റ് ചെയ്യുന്നതിനാൽ പരീക്ഷ എഴുതുന്ന എല്ലാ ട്രെയിനികളുടെയും പ്രൊഫൈൽ SSLC സർട്ടിഫിക്കറ്റിൽ ഉള്ളതുപോലെ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപന മേലധികാരി ഉറപ്പ് വരുത്തേണ്ടതും ആയതു സംബന്ധിച്ച് എന്തെങ്കിലും തിരുത്തലുകൾ വരുത്തണമെങ്കിൽ ഈ കാര്യാലയത്തിൽ നിന്നും അയച്ചുതന്നിട്ടുള്ള സമയക്രമ പട്ടികയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ ആയത് പരിഹരിക്കേണ്ടതുമാണ്. അപേക്ഷ ഫീസ്. "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ് – 00-800-അദർ റസീപ്റ്റ്സ് -88-അദർ ഐറ്റംസ് " എന്ന ശീർഷകത്തിൽ 15.06.2023 നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കേണ്ടതും അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട സ്ഥാപനമേധാവിക്ക് 19.06.2023 വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുകയോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുകയോ ചെയ്യുവാൻ വ്യവസ്ഥയില്ല. ഫീസടച്ചതിന് ശേഷം ആയതിന്റെ എലിജിബിലിറ്റി ഇ.എം.എസ് പോർട്ടലിൽ രേഖപ്പെടുത്തി പ്രിന്റ് ഔട്ട് എടുത്ത് സ്ഥാപന മേലധികാരി സാക്ഷ്യപ്പെടുത്തി ഈ കാര്യാലയത്തിൽ 23/06/2023 തീയതിയിൽ 5 PM ന് മുൻപ് ഇമെയിലിലൂടെ അയച്ചുതരേണ്ടതാണ്.

I/377466/2023

പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100 രൂപ ജാമ്യ നിക്ഷേപമായി ബന്ധപ്പെട്ട സ്ഥാപനമേധാവിയെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം ജാമ്യതുക തിരികെ കൈപ്പറ്റേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കിയ സ്ഥാപനത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രം മാറ്റുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല. തിയറി പരീക്ഷകൾ ഗവ. ഐടിഐ കളമശ്ശേരിയിലും. പ്രാക്ടിക്കൽ പരീക്ഷകൾ അതാത് സ്ഥാപനത്തിലുമാണ് നടത്തുന്നത്.

ട്രെയിനികൾ നൽകിയിട്ടുള്ള അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനമേധാവി പരിശോധിക്കുകയും അർഹത ഉറപ്പുവരുത്തി അപേക്ഷാഫോറം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. (സപ്ലിമെന്ററി ആണെങ്കിൽ ഓരോ സെമസ്റ്ററിനും പ്രത്യേകം അപേക്ഷയും അതാതു സെമസ്റ്ററിനു നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫീസും ആവശ്യമാണ്. റഗുലർ ആണെങ്കിൽ ഒന്ന്, രണ്ട് സെമെസ്റ്ററുകൾക്ക് ഒരപേക്ഷയും അതിൽ ഒന്ന്, രണ്ട് സെമെസ്റ്ററുകൾ എന്ന് കാണിക്കേണ്ടതുമാണ്.)

നിശ്ചിത തീയതിക്കകം ലഭിക്കാത്തതും അപൂർണ്ണമായതും, അപേക്ഷകന്റെ ഒപ്പ് രേഖപ്പെടുത്താത്തതും ചെലാന്റെ അസ്സൽ ഇല്ലാത്തതുമായ അപേക്ഷകൾ നിരുപാധികം സ്ഥാപനമേധാവി നിരസിക്കേണ്ടതാണ്. തോറ്റ ട്രെയിനികൾ മുൻപ് എഴുതി പാസ്സായ വിഷയങ്ങളിലെ റോൾ നമ്പർ, വർഷം എന്നിവ അപേക്ഷയിൽ എഴുതിയിരിക്കുന്നത് അനുബന്ധ ബി ഫോറവുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

**സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്**

ഉള്ളടക്കം : -മാതൃകാ അപേക്ഷാ ഫോറം.

To

ഡെപ്യൂട്ടി ജനറൽ മാനേജർ (ട്രെയിനിംഗ് & ഡെവലപ്മെന്റ്, FACT), ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും / ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും / ജെ ഡി റ്റി കണ്ണൂർ / എ.വി.റ്റി.എസ് പ്രിൻസിപ്പാൾ / ചീഫ് മാനേജർ ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ്, എഫ് എ സി റ്റി ആലുവ / ഡി.ഡി.റ്റി / സംഭരണ ഫയൽ (ജി3)

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2304/2023-G3 തീയതി: #ApprovedDate#

**നിർദ്ദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് ജൂലൈ 2023 - ഒരു വർഷ ഫയർ & സേഫ്റ്റി ഡിപ്ലോമ കോഴ്സ് (റഗുലർ, സപ്ലിമെന്ററി) - ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്

2023 ജൂലൈ മാസം നടത്തുന്ന എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ്, എഫ്.എ.സി.ടി നടത്തുന്ന ഫയർ ആന്റ് സേഫ്റ്റി കോഴ്സ് റഗുലർ, സപ്ലിമെന്ററി (സെമസ്റ്റർ ഒന്ന്, രണ്ട്) പരീക്ഷയിൽ പങ്കെടുക്കുന്നതിനുവേണ്ടി ട്രെയിനികൾ വിജ്ഞാപനത്തോടൊപ്പം നൽകിയിട്ടുള്ള അപേക്ഷ പൂരിപ്പിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

പരിശീലനം പൂർത്തിയാക്കിയ സ്ഥാപനത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഹാൾടിക്കെറ്റിൽ പ്രതിപാദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. നിശ്ചിത തീയതി കഴിഞ്ഞ് ലഭിയ്ക്കുന്നതോ അപൂർണ്ണമായതോ, അപേക്ഷകന്റെ ഒപ്പ് രേഖപ്പെടുത്താത്തതോ, ചെലാന്റെ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. പരീക്ഷയുടെ തീയതിയും സമയവും ബന്ധപ്പെട്ട സ്ഥാപനമേലധികാരി ട്രെയിനികളെ അറിയിക്കുന്നതായിരിക്കും.

ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെന്റായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ4 സൈസിലുള്ള അപേക്ഷാഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. നിശ്ചിത മാതൃകയിൽ സമർപ്പിയ്ക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

#ApprovedByName# #ApprovedByDesignation#
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്

ഡെപ്യൂട്ടി ജനറൽ മാനേജർ (ട്രെയിനിംഗ് & ഡെവലപ്മെന്റ്, FACT), എല്ലാ ട്രെയിനികൾക്കും (ബന്ധപ്പെട്ട സ്ഥാപനം മുഖാന്തരം)

I/377464/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2304/2023-G3 തീയതി: 11-06-2023

**നിർദ്ദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് ജൂലൈ 2023 - ഒരു വർഷ ഫയർ & സേഫ്റ്റി ഡിപ്ലോമ കോഴ്സ് (റഗുലർ, സപ്ലിമെന്ററി) സെമസ്റ്റർ സമ്പ്രദായം- ട്രെയിനികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ സ്ഥാപനമേലധികാരി കൈക്കൊള്ളേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ശിപാർശ ചെയ്യുന്നതിന് മുൻപ് താഴെപ്പറയുന്ന നടപടിക്രമങ്ങൾ സ്ഥാപനമേലധികാരി സ്വീകരിക്കേണ്ടതാണ്.

- നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിയ്ക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.
- അപേക്ഷ സമർപ്പിയ്ക്കുന്ന സമയം ടി ട്രെയിനി പരിശീലന കാലയളവിൽ 80% ഹാജർ നേടിയിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും ആയത് ഇ.എം.എസ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
- അപേക്ഷയിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
- ട്രെയിനികളിൽ നിന്നും ലഭിയ്ക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കുകയും നിശ്ചിത പരീക്ഷ ഫീസ് അടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി ഇ.എം.എസ് പോർട്ടലിൽ ആയത് രേഖപ്പെടുത്തേണ്ടതും തുടർന്ന് പരീക്ഷാ വിഭാഗത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

ടി വിവരങ്ങൾ ഇ.എം.എസ് പോർട്ടലിലൂടെ ലഭിച്ചാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ട്രെയിനിയ്ക്ക് ടി വിവരങ്ങൾ ലഭിക്കാത്ത കാരണത്താൽ ഹാൾടിക്കറ്റ് അനുവദിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട സ്ഥാപനമേലധികാരിക്ക് മാത്രമായിരിക്കും എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം സ്ഥാപനമേലധികാരി രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ പരീക്ഷ വിഭാഗത്തിൽ നിന്നും അറിയിക്കുന്നതായിരിക്കും. ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം 21/06/2023-ന് വൈകുന്നേരം 5 മണിക്ക് മുൻപായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ ദിവസവും ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ അതാത്

ദിവസം തന്നെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷാർത്ഥികളിൽ നിന്നും കൈപ്പറ്റുന്ന അപേക്ഷകൾ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇ.എം.എസ് പോർട്ടലിൽ Formative Assessments, Attendance, Fees എന്നിവ ഓൺലൈനായി രേഖപ്പെടുത്തിയതിന്റെ പ്രിന്റ് ഔട്ട് scvttradetest@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 23/06/2023-ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി അയച്ച് തരേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

**സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർവൊക്കേഷണൽ ട്രെയിനിംഗ**

To

ഡെപ്യൂട്ടി ജനറൽ മാനേജർ (ട്രെയിനിംഗ് & ഡെവലപ്മെന്റ്, FACT), എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് : 1.ഡി.റ്റിയുടെ സി.എ/എ.ഡി.റ്റി/സ്പെഷ്യൽ ഓഫീസർ, (എസ്.റ്റി.ഐ), എസ്.ഡി.പി (എസ്.പി.ഐ.യു), ജെ.ഡി.റ്റി/ ജെ.ഡി (ആർ.ജെ.ഡി.കണ്ണൂർ)

2.ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും, റ്റി.റ്റി.ഒ, എല്ലാട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽഫയൽ (ജി)

3. വകുപ്പ് വെബ്സൈറ്റിലേക്ക്.

I/377463/2023

## <u>SCVT ട്രേഡ് ടെസ്റ്റ് ജൂലൈ 2023 ഫയർ & സേഫ്റ്റി കോഴ്സ് സെമസ്റ്റർ സ്കീം (റഗുലർ, സപ്ലിമെന്ററി) പരീക്ഷയ്ക്കുള്ള അപേക്ഷ ഫോറം (അനുയോജ്യമായത് ടിക് മാർക്ക് ചെയ്യുക.)</u>

1. പരിശീലനാർത്ഥി പരിശീലനം നേടിയ സ്ഥാപനത്തിന്റെ പേര് :
2. ട്രേഡും സെമെസ്റ്ററും :
3. അപേക്ഷകന്റെ പേര് :
4. റോൾ നമ്പർ (S എന്ന് തുടങ്ങുക) :
5. മൊബൈൽ നമ്പർ :
6. ഇ -മെയിൽ ഐ.ഡി :
7. ആൺ/പെൺ :
8. പരിശീലന കാലയളവ് :

(സപ്ലിമെന്ററി പരീക്ഷ ആണെങ്കിൽ തൊട്ട് മുൻപ് നടന്ന പരീക്ഷയുടെ വർഷം, മാസം, ഏത് സെമസ്റ്റർ പരീക്ഷയാണ് പരാജയപ്പെട്ടത് (Sem I/II) കൂടി രേഖപ്പെടുത്തുക)

### <u>സത്യപ്രസ്താവന</u>

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും ശരിയാണെന്നും 80% ഹാജർ ലഭിച്ചാൽ മാത്രമേ എനിക്ക് ട്രേഡ് ടെസ്റ്റ് എഴുതാൻ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളൂ വെന്നും, ട്രെയിനിംഗ് ഡയറക്ടർ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച സമയ ബന്ധിതമായി എന്റെ ഇ.എം.എസ് പോർട്ടൽ പേജിലെ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ പേര്:

ഒപ്പ് :

I/377463/2023

## സ്ഥാപനമേലധികാരിയുടെ പരിശോധന റിപ്പോർട്ട്

1 . ഫീസ് ഒാടിക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ

a) ചെലാൻ നമ്പറും തീയതിയും :

b) ട്രഷറിയുടെ പേര് :

c) തുക :

മേൽപ്പറഞ്ഞ അപേക്ഷയിലെ വിശദാംശങ്ങൾ ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. പരിശീലന പൂർത്തീകരണ രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും കൂടാതെ ടി പരീക്ഷയ്ക്ക് പങ്കെടുക്കാനുള്ള നിശ്ചിത യോഗ്യതകളും ഫീസ് സ്റ്റാറ്റസും ഇ.എം.എസ് പോർട്ടലിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും ആയതിനാൽ ടിയാനെ/ടിയാളെ 2023 ജൂലൈയിൽ SCVT ട്രേഡ് ടെസ്റ്റ് നടത്തുന്ന ഫയർ ആന്റ് സേഫ്റ്റി കോഴ്സ് പരീക്ഷയിൽ പങ്കെടുപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നതിനോടൊപ്പം ടിയാന്റെ/ടിയാളുടെ സ്വഭാവം -------- ആണെന്നും പ്രസ്താവിക്കുന്നു.

ഒപ്പ്

ഔദ്യോഗിക മേൽവിലാസം

സ്ഥലം :

തീയതി :

(ഓഫീസ് മുദ്ര)